**പതിനാലാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## ഒൻപതാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനേഴാമത് റിപ്പോർട്ടിലെ
(സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച പഠനം)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

(2017 ആഗസ്റ്റ് മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## ഒൻപതാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനേഴാമത് റിപ്പോർട്ടിലെ
(സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച പഠനം)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

1297/2017.

# ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| മുഖവുര | | | .. | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എസ്. ശർമ്മ

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ് , അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനേഴാമത് റിപ്പോർട്ട് (സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച പഠനം) 18-12-2014-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 17 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 ആഗസ്റ്റ് 16-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 22.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2014-2016)യുടെ പതിനേഴാമത് റിപ്പോർട്ട് (സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച പഠനം) 18-12-2014-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 17 ശിപാർശകൾ/ നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

2. ശിപാർശകൾ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 20-3-2015-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ 17-7-2017-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശകളും അവയ്ക്കു സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു. കൂടാതെ താഴെ പറയുന്ന ശിപാർശ കൂടി സർക്കാരിന് നൽകുന്നതിന് സമിതി തീരുമാനിച്ചു.

<u>കേരളത്തിലെ സെൻട്രൽ ജയിലുകൾ ഉൾപ്പെടെയുള്ള എല്ലാ ജയിലുകൾക്കും ആവശ്യമായ അടിസ്ഥാന വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

സമിതിയുടെ മേൽ ശിപാർശയിന്മേൽ അനന്തര നടപടി സ്വീകരിച്ച് താമസംവിനാ മറുപടി ലഭ്യമാക്കേണ്ടതാണ്.

## അദ്ധ്യായം II

### ശിപാർശ (1)

ജയിൽ കെട്ടിടങ്ങളുടെ രൂപകല്പന പലപ്പോഴും തടവുകാരെ പാർപ്പിക്കുന്നതിന് പര്യാപ്തമായ രീതിയിലല്ല എന്ന് സമിതി വിലയിരുത്തുന്നു. പല ജയിലുകളിലും അനുവദനീയമായതിൽ കൂടുതൽ തടവുകാരെയാണ് പാർപ്പിച്ചിരിക്കുന്നത്. ജയിലുകളിലെ ഇടുങ്ങിയ മുറികളിൽ തിങ്ങിപ്പാർക്കേണ്ടിവരുന്നത് തടവുകാർക്ക് പലതരത്തിലുള്ള മാനസിക ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. തടവുകാരുടെ എണ്ണം കൂടുന്നത് അഭികാമ്യമല്ലെങ്കിലും പുരാതനകാലത്തെ ഇരുട്ടുമുറികളായ തടവറകളുടെ സങ്കൽപ്പം കാലത്തിനനുസരിച്ച് മാറ്റേണ്ടതുണ്ട്. ആയതിനാൽ മതിയായ വെളിച്ചം ലഭിക്കുന്ന തരത്തിൽ സ്ഥല സൗകര്യങ്ങളോടുകൂടിയ ജയിൽ കെട്ടിടങ്ങൾ നിർമ്മിക്കണമെന്നും അതിനാവശ്യമായ തുക ബഡ്ജറ്റിൽ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ജയിൽ കെട്ടിടങ്ങളുടെ രൂപകല്പന ജയിൽ ആർക്കിടെക്ചർ എന്ന നൂതന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1297/2017.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് ജയിലുകളിലെ അംഗസംഖ്യ അംഗീകൃതശേഷിയിൽ നിന്നും കൂടിവരുകയാണ്. നിലവിലെ അംഗീകൃതശേഷി 6217 ആണെങ്കിലും ഏകദേശം 7600 തടവുകാരെ പാർപ്പിച്ചുവരുന്നു. തടവുകാർക്ക് അർഹിക്കുന്ന മാനുഷിക പരിഗണന നൽകുന്നതിനായി കൂടുതൽ ജയിലുകൾ സ്ഥാപിക്കേണ്ടതുണ്ട്. 2014-നു ശേഷം പുതുതായി രണ്ടു ജയിലുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹൈസെക്യൂരിറ്റി ജയിൽ വിയ്യൂർ, ജില്ലാ ജയിൽ മുട്ടം എന്നിവ. ജില്ലാ ജയിൽ തവനൂർ, സ്പെഷ്യൽ സബ്ജയിൽ ഇരിങ്ങാലക്കട, മലമ്പുഴ ജില്ലാ ജയിൽ എന്നീ മൂന്നു പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ പുതിയ അഞ്ച് ജയിലുകളിലും കൂടി 1737 തടവുകാരെകൂടി അധികമായി പാർപ്പിക്കുവാൻ കഴിയും. ആധുനിക സൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും പുതിയ ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മോഡൽ പ്രിസൺ മാന്വൽ പ്രകാരമുള്ള നിർമ്മാണ രീതികളാണ് ജയിൽ കെട്ടിടനിർമ്മാണ രീതികളിൽ അവലംബിച്ചിട്ടുള്ളത്.

<u>ശിപാർശ (2)</u>

ജയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് ഫണ്ടിന്റെ അപര്യാപ്തതമൂലം സാധിക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് സിസ്റ്റം നടപ്പിലാക്കിയിട്ടില്ലാത്തതാണ് ഇതിനുകാരണം. ജയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള തുക തടസ്സമില്ലാതെ ലഭിക്കുന്നതിന് ബഡ്ജറ്റിൽ ഒരു ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള തുക തടസ്സമില്ലാതെ ലഭിക്കുന്നതിനായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് നിലവിലുണ്ട്. [2056-00-001-98-17 മൈനർ വർക്ക്സ് (നോൺ പ്ലാൻ)]. 2016-17 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ പ്രസ്തുത അക്കൗണ്ട് ഹെഡിൽ സർക്കാർ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫണ്ട് തീരെ അപര്യാപ്തമാണ്.

ശിപാർശ (3)

തടവുകാരെ വിവിധ കോടതികളിൽ കൊണ്ടുപോകുന്നതിന് ദിവസേന 3000-ത്തോളം പോലീസുകാരുടെ സേവനം ആവശ്യമായി വരുന്നതായും ഇതിന് വളരെയധികം തുക ചെലവാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രധാനപ്പെട്ട എല്ലാ ജയിലുകളിലും കോടതികളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉള്ള സ്ഥലങ്ങളിൽ അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. തടവുകാരെ ആശുപത്രികളിലേക്കും മറ്റു സ്ഥലങ്ങളിലേക്കും കൊണ്ടുപോകുന്നതിന് വാഹനങ്ങളുടെ കുറവ് ഉള്ളതിനാൽ കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ 5 ജില്ലകളിലെ ജയിലുകളിലും വിവിധ കോടതികളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ജയിലുകളിലും കോടതികളിലും സ്ഥാപിച്ചിട്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. 13-ാം ധനകാര്യ കമ്മീഷനിൽ നിന്നും 11.25 കോടി രൂപ വിനിയോഗിച്ചുകൊണ്ട് നിലവിൽ സ്ഥാപിച്ചിട്ടുള്ള അഞ്ച് ജില്ലകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനും മറ്റ് ജില്ലകളിൽ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ എല്ലാ ജയിലുകളിലും വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതാണ്.

ശിപാർശ (4)

സംസ്ഥാനത്തെ മിക്ക ജയിലുകളിലെയും പാചകശാലകൾ വളരെ ശോചനീയമായ അവസ്ഥയിലാണെന്ന് സമിതിയുടെ പരിശോധനയിൽ വ്യക്തമാകുകയുണ്ടായി. ശുചിയായ അന്തരീക്ഷത്തിൽ ആഹാരം പാകം ചെയ്യുന്നതിന് അടിസ്ഥാനസൗകര്യം ഒരുക്കേണ്ടത് ആവശ്യമാണ്. ജയിലുകളിലെ അടുക്കളകൾ നവീകരിക്കുകയും കോമൺ ഡൈനിംഗ് ഹാളുകൾ നിർമ്മിക്കുകയും ചെയ്യണമെന്നും ബയോഗ്യാസ് പ്ലാന്റ്, മാലിന്യസംസ്കരണ യൂണിറ്റ് എന്നിവ എല്ലാ ജയിലുകളിലും സ്ഥാപിക്കണമെന്നും സോളാർ സംവിധാനം വ്യാപകമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ജയിലുകളിലെ മാലിന്യസംസ്കരണവും ഊർജ്ജോത്പാദനവും ലക്ഷ്യമിട്ടുകൊണ്ട് നിലവിൽ 26 ജയിൽ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കരിയും

പുകയും പിടിച്ച അനാരോഗ്യകരമായ ചുറ്റുപാടുകളിൽ ജയിൽ അടുക്കളയിൽ ജോലി ചെയ്യുന്ന തടവുകാർക്ക് പാചകവാതകം സ്ഥാപിച്ചതോടുകൂടി വളരെയധികം ആശ്വാസമാണ്. 2015-16 സാമ്പത്തിക വർഷത്തെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലെ അടുക്കളകൾ നവീകരിക്കുന്നതിന് 3.00 കോടി രൂപ പി.ഡബ്ല്യു.ഡി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മറ്റ് ജയിലുകളിലെ അടുക്കള കെട്ടിടങ്ങൾ നവീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയും സ്ഥല ലഭ്യതയുമനുസരിച്ച് മറ്റ് ജയിലുകളിൽ കൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ 45 ജയിലുകളിൽ സോളാർ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

### ശിപാർശ (5)

സംസ്ഥാനത്തെ ജയിലുകളിൽ ഭക്ഷണം തയ്യാറാക്കി വില്പന നടത്തുന്നതുവഴി നല്ല വരുമാനം ലഭിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഭക്ഷണം പാകം ചെയ്യുന്ന യൂണിറ്റുകൾ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും സമിതി കണ്ടെത്തി. ജയിൽ ഉല്പന്നങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ജയിലുകളുടെ സമഗ്രവികസനത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു..

### സർക്കാർ സ്വീകരിച്ച നടപടി

ഭക്ഷ്യോൽപ്പാദന യൂണിറ്റിൽ പണിചെയ്യുന്ന സെൻട്രൽ ജയിലിലെ തടവുകാർക്ക് ഉയർന്ന നിരക്കിലുള്ള വേതനം നൽകി വരുന്നുണ്ട്.

### ശിപാർശ (6)

സംസ്ഥാനത്ത് എല്ലാ ജയിലുകളിലും വിവിധ വിഭാഗം ജീവനക്കാരുടെ ധാരാളം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായും പല തസ്തികകളുടെയും എണ്ണം അപര്യാപ്തമാണെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി. ഇത് ജയിലുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. നിയമം അനുശാസിക്കുന്ന അനുപാതത്തിലുള്ള ജയിൽ ജീവനക്കാരുടെയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും നിയമനം അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സ്റ്റാഫ് പാറ്റേണും മിനിസ്റ്റീരിയൽ ജീവനക്കാരെയും പി.എസ്.സി. വഴി നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും പോലീസ് വകുപ്പിന്റെ മാതൃകയിൽ റേഷ്യോ പ്രമോഷൻ, സമാന തസ്തികകൾ, ആനുകൂല്യങ്ങൾ എന്നിവ ജയിൽ വകുപ്പിലും നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്.

<u>ശിപാർശ (7)</u>

ജയിൽ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ജയിൽ ചാടുന്നതും ജയിലിൽ നിരോധിത വസ്തുക്കൾ കൊണ്ടുവരുന്നതും ആവർത്തിക്കപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് തടയുന്നതിനായി മതിയായ സ്കാനറുകളും മെറ്റൽ ഡിക്റ്ററുകളും നിരീക്ഷണ ക്യാമറകളും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ലഹരി മരുന്നുകൾ പോലുള്ളവയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് ആവശ്യമെങ്കിൽ ഡോഗ് സ്ക്വാഡിന്റെ സേവനം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ തടവുകാരുടെ ക്ഷേമ വാർഷിക പദ്ധതിയിലുൾപ്പെടുത്തി എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്റ്ററുകൾ വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ 22 ജയിലുകളിൽ സി.സി.ടി.വി. നിരീക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം തടവുകാരുടെ ക്ഷേമ പദ്ധതിയിലുൾപ്പെടുത്തി 20.57 കോടി രൂപ ചെലവിൽ ബാക്കിയുള്ള 31 ജയിലുകളിൽകൂടി സി.സി.ടി.വി. സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിയ്യൂർ സെൻട്രൽ ജയിൽ കേന്ദ്രീകരിച്ച് ജയിൽ വകുപ്പിലെ ഡോഗ് സ്ക്വാഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ (8)</u>

ജീവനക്കാരുടെ സഹായത്തോടെ ജയിൽ ചാടുന്നതും മൊബൈൽഫോൺ, മയക്കുമരുന്നുപോലുള്ള വസ്തുക്കൾ ജയിലിൽ എത്തിക്കുന്നത് തടയുന്നതിനുമായി ജീവനക്കാരെ ഇടയ്ക്കിടെ മാറ്റി നിയമിക്കണമെന്നും സെൻസിറ്റീവ് പോസ്റ്റുകളിൽ താല്ക്കാലിക ജീവനക്കാരെ നിയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും തടവുകാർക്ക് അനധികൃതമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നവർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജയിൽ ഉദ്യോഗസ്ഥരുടെ സഹായത്തോടെ തടവുകാർ ജയിൽ ചാടിയിട്ടുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ഉദ്യോഗസ്ഥരുടെ ജാഗ്രതക്കുറവുകൊണ്ട് ജയിലിൽ നിന്നും തടവുകാർ രക്ഷപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്കാനറുകളും മെറ്റൽ ഡിറ്റക്ടറുകളും നിരീക്ഷണ ക്യാമറകളും പ്രധാനപ്പെട്ട എല്ലാ ജയിലുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഇത്തരം ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ എല്ലാ ജയിലുകളിലും സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. താത്ക്കാലിക ജീവനക്കാരെ പ്രധാനപ്പെട്ട ഡ്യൂട്ടി പോസ്റ്റുകളിൽ പാറാവിന് നിയോഗിക്കാറില്ല. അത്തരം ജീവനക്കാരെ ജയിലുകളിലെ ഭക്ഷ്യവിപണന യൂണിറ്റുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും മറ്റ് പ്രാധാന്യമില്ലാത്ത കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമാണ് നിയോഗിക്കാറുള്ളത്. ഉദ്യോഗസ്ഥരുടെ ജാഗ്രതക്കുറവുകൊണ്ട് ജയിൽ സെക്യൂരിറ്റിയുടെ കാര്യത്തിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. അതുപോലെ ജയിൽ ഉദ്യോഗസ്ഥരെ ഇടയ്ക്കിടെ മാറ്റി നിയമിക്കാറുമുണ്ട്.

<u>ശിപാർശ (9)</u>

സുരക്ഷയുടെ ഭാഗമായി ജനലുകളും താഴുകളും ലോക്കറുകളും ശക്തിപ്പെടുത്തുകയും മതിലിനോട് ചേർന്ന കെട്ടിടങ്ങൾ, മരങ്ങൾ എന്നിവ നീക്കം ചെയ്യുകയും പെട്രോളിംഗ് ശക്തമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജയിലുകളിലെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനലുകളും താഴുകളും മറ്റും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പദ്ധ്യക്ഷനും മേഖലാ ഡി.ഐ.ജി.മാരും ജയിൽ സന്ദർശിച്ച് സുരക്ഷാ കാര്യങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

<u>ശിപാർശ (10)</u>

ജയിൽ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ഒരു റിസർച്ച് & ട്രെയിനിംഗ് വിഭാഗം ആരംഭിക്കുകയും വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തുകയും വേണം. ജയിലിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് സമർത്ഥരായ പരിശീലകരെ നിയോഗിക്കണമെന്നും പരിശീലനം ലഭിച്ചവരെ മാത്രം ജയിലിൽ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജയിൽ ഉപദേശക സമിതികൾ കൃത്യമായി യോഗം ചേർന്ന് ജയിലിലെ സ്ഥിതിഗതികൾ വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജയിലിൽ നിയമിതരാകുന്ന അസിസ്റ്റന്റ്, പ്രിസൺ ഓഫീസർ തുടങ്ങിയ ജീവനക്കാർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ടുമാർ മുതലുള്ള ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി വെല്ലൂരിൽ അക്കാദമി ഓഫ് പ്രിസൺസ് & കറക്ഷണൽ അഡ്മിനിസ്ട്രേഷൻ (APCA) എന്ന പരിശീലന കേന്ദ്രമുണ്ട്. സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ആവശ്യമായ വിദഗ്ധ പരിശീലനം നൽകുന്നതിനായി ഐ.എം.ജിയുമായി സഹകരിച്ച് ട്രെയിനിംഗ് നീഡ്സ് അനാലിസിസ് (TNA) സംഘടിപ്പിച്ചിട്ടുണ്ട്. TNA-യുടെ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കി ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ഐ.എം.ജി. മുഖാന്തിരം ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകുന്നത് പരിശോധിക്കുന്നതാണ്.

<u>ശിപാർശ (11)</u>

ജയിലുകളിലെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും മെയിൽ നഴ്സ്, സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവ ഉൾപ്പെടെയുള്ള തസ്തികകളിൽ ആവശ്യമായ നിയമനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3 സെൻട്രൽ ജയിലുകൾ, 2 തുറന്ന ജയിലുകൾ, 2 ജില്ലാ ജയിലുകൾ (എറണാകുളം, കോഴിക്കോട്) എന്നിവിടങ്ങളിൽ തടവുകാർക്കുള്ള ആശുപത്രികളും ഫാർമസികളും പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. അവ നിലവിലില്ലാത്ത ജയിലുകളിൽ മെയിൽ നഴ്സ്, സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവ ഉൾപ്പെടെയുള്ള തസ്തികകളിൽ ആവശ്യമായ നിയമനങ്ങൾ നടത്തുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

<u>ശിപാർശ (12)</u>

മാനസികാസ്വാസ്ഥ്യമുള്ളവരെയും സാംക്രമികരോഗങ്ങൾ ബാധിച്ചവരെയും പ്രത്യേകം സെല്ലുകളിൽ താമസിപ്പിക്കുന്നതിന് പര്യാപ്തമായ രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ജയിലുകളിൽ മാനസികരോഗ വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മാനസികാസ്വാസ്ഥ്യമുള്ളവരെയും സാംക്രമിക രോഗങ്ങൾ ബാധിച്ച തടവുകാരെയും പ്രത്യേകം സെല്ലുകളിലാണ് പാർപ്പിച്ചുവരുന്നത്. ഗുരുതരമായ മാനസിക അസ്വാസ്ഥ്യം ഉള്ളവരെ മാനസികരോഗാശുപത്രികളിലും പാർപ്പിച്ചുവരുന്നുണ്ട്. പുതിയതായി നിർമ്മിക്കുന്ന ജയിലുകളിൽ ഇത്തരത്തിലുള്ള തടവുകാരെ പാർപ്പിക്കുന്നതിനായി പ്രത്യേക കെട്ടിടങ്ങൾ കൂടി ഉൾപ്പെടുത്തുന്നതാണ്.

<u>ശിപാർശ (13)</u>

ജയിലുകളിലെ തടവുകാർക്ക് ദിവസേന മരുന്നുവാങ്ങുന്നതിന് നിലവിൽ 500 രൂപയാണ് ജയിൽ സൂപ്രണ്ടിന് അനുവദിക്കാനാകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ തുക അപര്യാപ്തമായതിനാൽ ദിവസേന മരുന്നു വാങ്ങുന്നതിന് ആവശ്യമായ തുക തടസ്സം കൂടാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 543 അനുസരിച്ച്, ജയിൽ മെഡിക്കൽ ഓഫീസറുടെ ശിപാർശ പ്രകാരം സൂപ്രണ്ടിന് വാർഷിക ബഡ്ജറ്റ് വിഹിതത്തിന് വിധേയമായി ഒരു സമയത്ത് 1000 രൂപയുടെ മരുന്നുകൾ തദ്ദേശീയമായി വാങ്ങാവുന്നതാണ്.

<u>ശിപാർശ (14)</u>

തടവുകാരുടെ കലാസൃഷ്ടികൾ, സാഹിത്യസൃഷ്ടികൾ എന്നിവ മറ്റുള്ളവർക്ക് കാണുന്നതിനും ആസ്വദിക്കുന്നതിനും അവസരമൊരുക്കണം. ശിക്ഷാകാലാവധി കഴിഞ്ഞ അശരണരായ ആളുകളെ പുനരധിവസിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തടവുകാരുടെ ക്ഷേമ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് എല്ലാ വർഷവും ജയിലുകളിൽ നടത്തപ്പെടാറുള്ള ജയിൽ ദിനാഘോഷ പരിപാടിയിൽ, തടവുകാരുടെ കലാസൃഷ്ടികൾ, സാഹിത്യസൃഷ്ടികൾ എന്നിവ മറ്റുള്ളവർക്ക് കാണുന്നതിനും ആസ്വദിക്കുന്നതിനും വേണ്ടി പ്രദർശിപ്പിക്കുന്നതിനായി സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. ജയിൽ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടികളിലും ഇത്തരത്തിൽ തടവുകാരുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ശിക്ഷാ കാലാവധി കഴിഞ്ഞ അശരണരായ തടവുകാരെ പുനരധിവസിപ്പിക്കുന്നതിനും ഇപ്പോൾ സാമൂഹ്യനീതി വകുപ്പ് 10,000 രൂപ ധനസഹായം നൽകിവരുന്നു. ടി തുക തികച്ചും അപര്യാപ്ത

മായതിനാൽ ടി തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പിലേക്ക് ശിപാർശ ചെയ്യുന്നതാണ്. ജയിൽ മോചിതരായ തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ഉപകരിക്കുന്ന വിധത്തിൽ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) നിയമങ്ങളിൽ (വകുപ്പ്-70) നിഷ്കർഷിക്കും പ്രകാരം ക്ഷേമനിധി സ്ഥാപിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ (15)

തടവുകാർക്ക് കൗൺസിലിംഗും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുകയും വിദഗ്ധരുമായി കൂടിക്കാഴ്ച നടത്തുന്നതിനും അവസരം ഒരുക്കുകയും വേണ്ടതാണ്. തടവുകാരുടെ പഠന പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ജയിലുകളിൽ ക്ലാസ്സുകൾ നടത്തുന്നതിനും മറ്റു പഠന പ്രവർത്തനങ്ങൾക്കും പരിശീലന പരിപാടികൾ നടത്തുന്നതിനും ലൈബ്രറികൾക്കും പുതിയ തൊഴിൽശാലകൾക്കുമായി മതിയായ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഓരോ വർഷവും ജയിലുകളിൽ പാർപ്പിച്ചിട്ടുള്ള തടവുകാർക്കുവേണ്ടി വിവിധ തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സന്നദ്ധസംഘടനകൾ മുഖേന ജയിലുകളിൽ തടവുകാർക്ക് കൗൺസിലിംഗും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ താല്പര്യമുള്ള തടവുകാർക്ക് പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം നൽകുന്നുണ്ട്. സ്ഥല ലഭ്യതയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് ലൈബ്രറികൾക്കും തൊഴിൽ ശാലകൾക്കുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്.

ശിപാർശ (16)

നിലവിലുള്ള ജയിലുകളിൽ അധികവും (52-ൽ 23) കണ്ണൂർ സെൻട്രൽ ജയിലിൽ ഉൾപ്പെടുന്ന നോർത്തേൺ സോണിലാണ് ഉൾപ്പെടുന്നത്. പ്രസ്തുത സോണിന്റെ വിസ്തൃതി വളരെ കൂടുതലും ആസ്ഥാനം കോഴിക്കോടുമായതിനാൽ ചട്ടപ്രകാരമുള്ള മിന്നൽ പരിശോധനകൾ നടത്തുന്നതിന് അസൗകര്യവും ഭരണപരമായ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വയനാട്, കാസർഗോഡ്, കണ്ണൂർ ജില്ലകൾക്കായി കണ്ണൂർ ആസ്ഥാനമായി ഒരു സോണൽ ഓഫീസ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള ഉത്തരമേഖല, മദ്ധ്യമേഖല, ദക്ഷിണമേഖല എന്നിവയുടെ പരിധി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കുന്നത് പരിശോധിക്കാവുന്നതാണ്.

<u>ശിപാർശ (17)</u>

ജയിൽവക ഭൂമി അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിനും ജയിലിലെ ഓഫീസ് രേഖകൾ നശിച്ചുപോകാതെ ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജയിലിലെ ഓഫീസ് രേഖകൾ നശിച്ചുപോകാതെ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നതാണ്. ജയിൽവക ഭൂമി അന്യാധീനപ്പെട്ടു പോകാതെ റവന്യൂ വകുപ്പുമായി സഹകരിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 22.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.